KSFESA
CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 181/71, Kottappuram Road, Thrissur -4
(Affiliated to C.I.T.U.R. No. K. 1128)
E-mail:ksfeacitu@yahoo.co.in) Web : www.ksfesa.com

*President*
**A. K. Balan MLA**
**Mob : 9846361111**

*General Secretary*
**S. Muraleekrishnapillai**
**Mob : 9446538432**

**സർക്കുലർ 17/2016**

സഖാക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയംഗങ്ങളുടെ യോഗം 29.2.16 (തിങ്കളാഴ്ച) രാവിലെ 11-ന് CITU കൊല്ലം ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് വൈസ് പ്രസിഡന്റ് സ: മുഹമ്മദ് ഇക്ബാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. CITU സംസ്ഥാന സെക്രട്ടറി സ: എൻ. പദ്മലോചനൻ പങ്കെടുത്തു.

കാലാതിവർത്തികളായ വർഗസ്മൃതികളെയും ഉദാത്ത മാനവികതയേയും ഉയർത്തിപ്പിടിക്കുന്ന നൂറുകണക്കിന് ഗാനങ്ങൾ കൈരളിയ്ക്ക് സമ്മാനിച്ച അനശ്വരനായ മനുഷ്യസ്നേഹി ഒ.എൻ.വി. കുറുപ്പിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. മീനങ്ങാടി ശാഖയിലെ ഓഫീസ് അറ്റന്റന്റ് ശ്രീമതി സുനിത, മയക്കുമരുന്നു സംഘങ്ങൾക്കെതിരെ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ RSS കാർ കൊലപ്പെടുത്തിയ സ: ഷിബു, പ്രശസ്ത കഥാകൃത്ത് അക്ബർ കക്കട്ടിൽ, അവയവദാനത്തിന്റെ മഹത്വം അഭ്രപാളിയിൽ ആവിഷ്ക്കരിച്ചു ശ്രദ്ധേയനായ യുവസംവിധായകൻ ശ്രീ. രാജേഷ്പിള്ള എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.

## തീരുമാനങ്ങൾ

### 2016 മാർച്ച് 10 പ്രതിഷേധദിനം

താഴെ കൊടുത്തിരിക്കുന്ന മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് 2015 മാർച്ച് 10-ാം തീയതി പ്രതിഷേധദിനമായി ആചരിക്കാൻ തീരുമാനിച്ചു.

1. **ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം: കരാർ നടപ്പാക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധം.**
കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം മാർച്ച് മാസത്തിലെ ശമ്പളത്തോടൊപ്പം ലഭിയ്ക്കുകയാണ്. അവരുടെയും ശമ്പള കുടിശിക ബാധ്യത അടുത്ത സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കുകയാണ് ചെയ്തത്. നമ്മുടെ കരാർ ഒപ്പിട്ട് സർക്കാരിലേയ്ക്ക് അയച്ചതിനു ശേഷമാണ് KSEB യിൽ ശമ്പള പരിഷ്ക്കരണ കരാർ ഒപ്പിട്ടത്. KSEB യിലെ കരാറിനും സർക്കാർ അംഗീകാരം നൽകി. എന്നാൽ KSFE ജീവനക്കാരോട് മാത്രം കേരളാ സർക്കാർ ചിറ്റമ്മനയം സ്വീകരിക്കുകയാണ്. കഠിനാധ്വാനികളായ KSFE ജീവനക്കാരുടെയിടയിൽ ഇതിനെതിരെ സംഘടനാ വ്യത്യാസമില്ലാതെ പ്രതിഷേധം ഉയരുകയാണ്. കരാർ നടപ്പിലാക്കാത്ത സർക്കാർ നടപടിക്കെതിരെ അതിശക്തമായ പ്രക്ഷോഭം സംഘടന ഉയർത്തിക്കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.
കേരളാ സർക്കാരിന് സർവ്വീസ് ചാർജ് നൽകുന്ന ഏകപൊതുമേഖലാ സ്ഥാപനം ഇപ്പോൾ KSFE യാണ്. പ്രതിവർഷം നൂറുകോടിയോളം രൂപയാണ് കേരളാ സർക്കാരിന് നാം സർവ്വീസ് ചാർജ് നൽകുന്നത്. കൂടാതെ ഗാരന്റി കമ്മീഷൻ, ഡിവിഡന്റ്, ഇനങ്ങളിൽ നേരിട്ടും ചിട്ടി രജിസ്ട്രേഷൻ ചാർജ്, stamp duty എന്നീ ഇനങ്ങളിൽ പരോക്ഷമായും കോടികളാണ് KSFE സംസ്ഥാന ഖജനാവിലേയ്ക്ക് മുതൽകൂട്ടുന്നത്. പകലന്തിയോളം അധ്വാനിച്ചും സ്വന്തം വ്യക്തിത്വം വരെ വിറ്റുമാണ് KSFE ജീവനക്കാർ ചിട്ടിയിൽ വരിക്കാരെ ചേർക്കുന്നത്.

2. **അശാസ്ത്രീയമായി ശാഖകൾ ആരംഭിച്ച് സ്ഥാപനത്തെ തകർക്കുന്ന നയത്തിൽ നിന്നും മാനേജ്മെന്റ് പിന്മാറുക.** ശാസ്ത്രീയമായ സാധ്യത റിപ്പോർട്ടില്ലാതെയും സ്ഥാപനതാത്പര്യം സംരക്ഷിയ്ക്കാതെയും രാഷ്ട്രീയ താൽപര്യം മുൻനിർത്തി ശാഖകൾ ആരംഭിക്കുകയാണ്. സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥരും റീജിയണൽ മാനേജർമാരും പെട്ടിക്കടകൾ വരെ കണ്ടെത്തി ശാഖകൾ തുറക്കുന്ന തിരക്കിലാണ്. തത്ഫലമായി HO യിലും RO യിലും ഫയലുകൾ കെട്ടിക്കിടക്കുകയാണ് സ്ഥാപനത്തിന്റെ അടിവേരറുക്കുന്ന നടപടികൾ നിന്നും മാനേമെന്റും ഉദ്യോഗസ്ഥന്മാരും വിട്ടുനിൽക്കണമെന്നും അല്ലാത്തപക്ഷം സ്ഥാപനത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഇവർ സമാധാനം പറയേണ്ടിവരുമെന്നും സംഘടന ഓർമ്മിപ്പിക്കുന്നു.

3. **മാനേജ്മെന്റിന്റെ അഴിമതിയും ധൂർത്തും അവസാനിപ്പിക്കുക.**
543 ശാഖകൾ ഉള്ള സ്ഥാപനത്തിൽ 600-ാമത്തെ ശാഖ 'മരങ്ങാട്ട്പിള്ളി'യിൽ ഉദ്ഘാടനം ചെയ്ത വാർത്ത കേട്ട് KSFE ജീവനക്കാർ ഞെട്ടുകയാണ് ചെയ്തത്. എന്തായാലും 'മരങ്ങാട്ടുപിള്ളി' യുടെ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ കുരുങ്ങുമെന്നത് വേറെകാര്യം. ഇലക്ഷൻ പ്രഖ്യാപനം മുന്നിൽ കണ്ടുകൊണ്ട് ശാഖകൾ പോലും ആരംഭിയ്ക്കാതെ, കെട്ടിടങ്ങൾ പോലുമാകാതെ, 'PTS ഇന്റർവ്യൂമേള' നടത്തുകയാണ്. "ലക്ഷ്യം

വ്യക്തം". ഏറ്റവും അവസാനം KSFE ഡയറക്ടർ ബോർഡംഗങ്ങൾക്ക് 'LED TV' ഉൾപ്പെടെയുള്ള വിലിപിടിപ്പുള്ള സമ്മാനങ്ങൾ വാങ്ങി നൽകുകയാണ്. സ്ഥാപനത്തിന്റെ ഉത്തമ താത്പര്യം ഉയർത്തിപിടിച്ചുകൊണ്ടും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും നൽകേണ്ട CSR ഫണ്ട് ബോർഡംഗങ്ങളുടെ സ്ഥാപിതവും രാഷ്ട്രീയവും പ്രാദേശികവും ജാതീയവുമായ താത്പര്യങ്ങൾക്ക് മുൻഗണന നൽകി നൽകുകയാണ്. CSR ഫണ്ട് മുഖേന നൽകുന്ന കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും KSFE യുടെ Emblem പോലും പതിയ്ക്കാത്തത് അഴിമതിയുടെ പ്രകടമായ തെളിവാണ്. സ്ഥാപനത്തിന്റെ അഴിമതിയും ധൂർത്തും വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

4. **AGM നിയമനം : സീനിയോറിറ്റി മാനദണ്ഡം അട്ടിമറിയ്ക്കാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയുക.**

മാനേജ്മെന്റ് രാഷ്ട്രീയ താത്പര്യം മുൻനിർത്തി ചില ഉദ്യോഗസ്ഥന്മാരെ സഹായിക്കുന്നതിനായി AGM നിയമനത്തിലെ സീനിയോറിറ്റി മാനദണ്ഡം അട്ടിമറിയ്ക്കാനാണ് ശ്രമം. ഇതിൽ നിന്നും മാനേജ്മെന്റ് പിന്തിരിയണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

5. **ബോണസ് ആക്ട് ഭേദഗതി: കുടിശിക ബോണസ് വിതരണം ചെയ്യുക.**

കേന്ദ്രസർക്കാർ ബോണസ് ആക്ടിൽ 2015 ഏപ്രിൽ ഒന്നുമുതൽ മുൻകാല പ്രാബല്യത്തോടെ ബോണസ് ആക്ടിൽ ഭേദഗതി വരുത്തിയിരുന്നു. ഇതനുസരിച്ച് 2015-ലെ ബോണസ് പുതുക്കി നിശ്ചയിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംഘടന മാനേജ്മെന്റിന് കത്തും നൽകിയിരുന്നു. എന്നാൽ ചർച്ച വിളിക്കുകയോ ബോണസ് പുതുക്കി നൽകുകയോ ചെയ്തിട്ടില്ല. അടിയന്തിരമായി 2015 ലെ ബോണസ് പുതുക്കി നിശ്ചയിക്കണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

അഭിവാദനങ്ങളോടെ,

**എസ്. മുരളീകൃഷ്ണപിള്ള**

29/02/2016

(ജനറൽ സെക്രട്ടറി, KSFE സ്റ്റാഫ് അസോസിയേഷൻ. (C.I.T.U.)